# ചിരിയും കളിയും ഇഷ്ടപ്പെട്ട നബി

**ഷഹീദ്**

**മുഹമ്മദ്** നബി ചിരിച്ചിരുന്നു; ലോകത്ത് വന്ന യുഗപുരുഷന്മാർ മുഴുവൻ ചിരിച്ചിട്ടുണ്ട്. ചിരിയിലൂടെയും കണ്ണീരിലൂടെയും അവർ ജനതയുടെ ഹൃദയങ്ങളിലേക്കുള്ള കിളിവാതിലുകൾ തുറന്നു. മുഹമ്മദ് നബിയുടെ ജീവിതത്തിലും നർമത്തിന്റെ തെളിനിലാവ് തൂകുന്ന ഒട്ടേറെ സന്ദർഭങ്ങൾ നമുക്ക് കാണാനാവും. നബി സദാസമയവും പ്രസന്ന വദനനായിരുന്നു. അടുക്കുന്ന ആരിലേക്കും അദ്ദേഹം തന്റെ പ്രസാദാത്മകത പ്രസരിപ്പിക്കുകയും ചെയ്തു. നബിയുടെ സന്നിധിയിൽ അനുയായികളത്രയും അവരുടെ വ്യഥകൾ മറന്ന് ഉല്ലാസഭരിതരായി നേരം പങ്കിടുകയായിരുന്നുവല്ലോ.

നബി തമാശ പറയുന്നത് കേട്ട് ഒരിക്കൽ അബൂഹുറയ്റ അത്ഭുതത്തോട് കൂടി ഇങ്ങനെ ചോദിച്ചുവത്രെ: 'നബിയേ, താങ്കൾ ഞങ്ങളോട് തമാശ പറയുന്നുവോ?' ഗൗരവപ്പെട്ട കാര്യങ്ങൾ മാത്രം പറയേണ്ട ദൈവത്തിന്റെ തിരുദൂതർ തമാശ പറയുന്നത് അബൂഹുറയ്റക്ക് എന്തോ ദഹിക്കാത്തപോലെ; പക്ഷേ, നബിക്ക് അതിൽ അസ്വാഭാവികമായി ഒന്നും കാണാനുണ്ടായില്ല. നബി മറുപടി പറഞ്ഞു: 'അതിലെന്തത്ഭുതം, ഞാൻ തമാശ പറയും, സത്യമല്ലാത്ത ഒന്നും പറയുകയില്ല.'

അതുകൊണ്ടായിരിക്കണം നബിയുടെ ഇമ്മാതിരി വർത്തമാനം കേട്ട് ഒരിക്കൽ ഒരാൾ അമ്പരന്നത്. അയാൾ നബിയോട് തനിക്ക് യാത്രചെയ്യാൻ എന്തെങ്കിലും സൗകര്യം–വാഹനമോ സവാരി ചെയ്യാൻ മൃഗമോ മറ്റോ– ഏർപ്പെടുത്തണമെന്ന് അഭ്യർഥിച്ചപ്പോഴാണ് സംഭവം. ചോദിച്ച ഉടൻ വന്നു നബിയുടെ മറുപടി: 'ഞാൻ താങ്കൾക്ക് ഒരു ഒട്ടകക്കിടാവിനെ നൽകാം.' അയാൾക്കാകെ പരിഭ്രമമായി. യാത്ര പോവുന്ന തനിക്കെന്തിനാണ് ഒട്ടകക്കിടാവ്? ഒട്ടകക്കിടാവിനെ കിട്ടിയിട്ട് താനെന്ത് ചെയ്യാനാണ്? അയാൾ അക്കാര്യം തുറന്നു ചോദിച്ചു. അപ്പോഴതാ നബിയുടെ മറുപടി–'ഒട്ടകങ്ങളെല്ലാം പിറന്നുവീഴുമ്പോൾ കിടാവുകളാണല്ലോ.' സത്യവും തമാശയും തമ്മിലുള്ള അന്തരം അലിഞ്ഞില്ലാതാവുകയായിരുന്നു അപ്പോൾ.

തന്റെ നർമബോധംകൊണ്ട് ഒരു കിഴവിയെ പരിഭ്രമിപ്പിച്ചുകളഞ്ഞിട്ടുണ്ട് നബി. നബിയോട്, തന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കാൻ വേണ്ടി പ്രാർഥിക്കണമെന്ന് പറഞ്ഞ പാവം കിഴവി, പുഞ്ചിരി തൂകിക്കൊണ്ട് അന്നേരം നബി പറഞ്ഞു: 'വയസ്സായസ്ത്രീകൾ സ്വർഗത്തിൽ കടക്കുകയില്ല.' വൃദ്ധക്ക് ബേജാറായി. കരച്ചിലോളമെത്തിയ അവരെ പിന്നീട് നബിതന്നെയാണ് സമാധാനിപ്പിച്ചത്: 'വാർധക്യത്തിന്റെ അവശതകളോടുകൂടി ദൈവം ആരെയും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയില്ല എന്നാണ് പറഞ്ഞത്.' നിത്യയൗവ്വനത്തിന്റെ പൂങ്കാവനമാണ് സ്വർഗമെന്ന് ഒരൽപം കുസൃതിയോടെ സൂചിപ്പിക്കുകയായിരുന്നു തിരുദൂതർ.

തമാശകളിക്കുന്നിൽ നബിക്ക് ആൾഭേദമുണ്ടായിരുന്നില്ല. നബിക്ക് ഒരു ബദവി സുഹൃത്തുണ്ടായിരുന്നു. നബി എന്നും അയാളെ ചന്തയിലേക്കയക്കും. ഒരിക്കൽ അയാൾ ചന്തയിൽ ഏതോ സാധനം വിറ്റുകൊണ്ടിരിക്കെ നബി പമ്മിപ്പമ്മി അയാളുടെ പിറകിലെത്തി കണ്ണുപൊത്തി. ബദവി ഞെട്ടിപ്പോയെന്ന് പറയേണ്ടതില്ലല്ലോ. പക്ഷേ, നബിയാണ് വേലയൊപ്പിച്ചതെന്ന് കണ്ടപ്പോൾ അയാൾ തന്റെ തോൾ നബിയുടെ മാറിലുരുമ്മാൻ തുടങ്ങി. അപ്പോൾ നബി വിളിച്ചു

ചോദിച്ചു: 'ഈ അടിമയെ വാങ്ങാനാരുണ്ട്?'

ബദവി പറഞ്ഞു: 'വിലകെട്ട ഈ അടിമയെ വാങ്ങിയാൽ വാങ്ങുന്നവന് നഷ്ടമായിരിക്കും.'

അപ്പോൾ നബി പറഞ്ഞതെന്താണെന്നോ, 'ദൈവത്തിന്റെ കണ്ണിൽ താങ്കൾ വിലകുറഞ്ഞവനല്ല.'

മറ്റൊരിക്കൽ നബി തന്റെ അനുചരന്മാരോടൊപ്പം ഈത്തപ്പഴം തിന്നുകയായിരുന്നു. തിന്നുകൊണ്ടിരിക്കെ അദ്ദേഹമൊരു കുസൃതിയൊപ്പിച്ചു. കുരു മുഴുവൻ അലിയുടെ മുമ്പിലേക്ക് നീക്കിവെച്ചു. എന്നിട്ട് അത്ഭുതം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ആഹാ, നിങ്ങൾ ഒരുപാട് ഈത്തപ്പഴം തിന്നുവല്ലോ? എത്രമാത്രം കുരുവാണിത്?'

അലിയല്ലേ ആൾ. വാളുകൊണ്ടല്ല വാക്കുകൊണ്ടും പൊരുതാനറിയാവുന്ന പടയാളി. അലി പറഞ്ഞു: 'ഞാൻ ഈത്തപ്പഴം മാത്രമേ തിന്നുള്ളൂ. നബിയെപ്പോലെ കുരുവും തിന്നില്ല.' അങ്ങനെ അലി ശരിക്കും നബിയെ തോൽപിച്ചു. നബിയാകട്ടെ അതാസ്വദിക്കുകയും ചെയ്തു.

യുദ്ധരംഗത്തുപോലും നബി ചിരിച്ചു രസിച്ചിരുന്നു. ഖൻദക്ക് യുദ്ധത്തിലുണ്ടായ ഒരു സംഭവമോർക്കുക. ആമിറിന്റെ പിതാവായ സഅ്ദ് ശത്രുവിന്നെതിരായി അമ്പെയ്യുകയായിരുന്നു. അമ്പുകൾ മുഴുവൻ ശത്രു തന്റെ പരിചകൊണ്ട് തടുക്കുന്നു. അപ്പോൾ സഅ്ദ് തന്റെ അമ്പും വില്ലും താഴെവെച്ചു. പക്ഷേ, ശത്രു നൊടിയിടയിൽ തന്റെ പരിചയൊന്നു മാറ്റിയപ്പോഴേക്കുമതാ, സഅദ് തിടുക്കപ്പെട്ട് ആ നെറ്റിത്തടത്തിലേക്കുതന്നെ അമ്പയച്ചു. ശത്രു നിലത്തുവീണു. സഅ്ദിന്റെ വെപ്രാളവും ശത്രുവിന്റെ വീഴ്ചയുമൊക്കെ കൂടി കണ്ടപ്പോൾ നബി ചിരിച്ചു പോയി.

കളികളിലും തൽപരനായിരുന്നു നബി. അനുചരന്മാരോടൊപ്പം അമ്പെയ്തു പരിശീലിക്കുക നബിയുടെ പതിവായിരുന്നു. ഓട്ടവുമുണ്ടായിരുന്നു കൂട്ടത്തിൽ. പ്രഭാത നമസ്കാരത്തിനുശേഷമുള്ള സമയങ്ങളിലായിരുന്നു അമ്പെയ്ത്തും ഓട്ടവും ചർച്ചകളുമൊക്കെ. ഇസ്‌ലാമിനു മുമ്പുള്ള കാലത്തെക്കുറിച്ചുള്ള കഥകൾ പറഞ്ഞ് നബിയും അനുചരന്മാരും ചിരിച്ചു രസിക്കുമായിരുന്നു, അപ്പോൾ.

ഏകാകിയായി വൃക്ഷത്തോപ്പുകളിൽ ചെന്നിരിക്കുന്ന പതിവുണ്ടായിരുന്നു നബിക്ക്. ചിലപ്പോൾ സ്വഹാബിമാരെയും കൂടെക്കൂട്ടും. അപ്പോഴൊക്കെയാണ് മതകാര്യങ്ങൾ ചർച്ച ചെയ്യുക. നീന്തലിലും നബി തൽപരനായിരുന്നു. അബൂബക്കർ സിദ്ദീഖായിരുന്നു ഇക്കാര്യത്തിൽ നബിയുടെ കൂട്ടാളി. നബിയുടെ ശരീരത്തിന് ദാർഢ്യമണക്കാൻ ചെറുപ്പത്തിലേയുള്ള നീന്തൽ പരിശീലനം സഹായിച്ചിട്ടുണ്ട്.

കലാപരമായ വിനോദങ്ങളിൽ നബി തൽപരനായിരുന്നില്ലെന്നാണോ വിചാരം? എങ്കിൽ നിങ്ങൾക്ക് തെറ്റി. ആഹ്ലാദവേളകിൽ വാദ്യഘോഷങ്ങളും പെൺകിടാങ്ങളുടെ പാട്ടും കേട്ട് രസിച്ച നബി ചരിത്രത്തിലുണ്ട്. ഒരു പെരുന്നാൾ ദിവസം ആഇശാബീവിയുടെ വീട്ടിൽ വെച്ച് രണ്ട് കുട്ടികൾ പാട്ടുപാടിയപ്പോൾ അവരുടെ പിതാവായ അബൂബക്കർ സിദ്ദീഖ് അത് തടഞ്ഞു. പക്ഷേ നബിയാണ് അവരുടെ രക്ഷക്കെത്തിയത്. പെരുന്നാളല്ലേ, പാട്ട് പാടി രസിക്കട്ടെ എന്നായിരുന്നു റസൂലിന്റെ കൽപന.

വിവാഹവേളകളിൽ പാട്ടുപാടണമെന്നായിരുന്നു നബിയുടെ താൽപര്യം. ആഇശാബീവിയുടെ കൂടെക്കഴിയുന്ന ഒരു അൻസാരി പെൺകുട്ടിയുടെ വിവാഹമുഹൂർത്തം; അൻസ്വാരികൾ വലിയ സംഗീതപ്രിയരാണല്ലോ. അതറിഞ്ഞിട്ടാവണം നബി പറയുന്നു: വധുവിന്റെ കൂടെ പാട്ടുപാടാൻ കഴിയുന്ന ഒരു കൂട്ടുകാരിയെക്കൂടി അയക്കാൻ. വിവാഹവേളകളിലും സന്തോഷസമയങ്ങളിലും പാട്ടും കളിയും നബി അനുവദിച്ചിരുന്നു എന്നാണ് ഇതിൽനിന്ന് വ്യക്തമാവുന്നത്.

കവിതയിലും നബിക്ക് താൽപര്യമുണ്ടായിരുന്നു. ജാഹിലിയ്യാ കവികളുടെ ആഭാസകൽപനകളിൽനിന്ന് അറബിക്കവിതയെ മോചിപ്പിച്ചത് ഒരർഥത്തിൽ മുഹമ്മദ് നബിയാണ്. അനുചരന്മാരുടെ കവിതാശകലങ്ങൾ നബി ആസ്വദിച്ചിരുന്നു. യുദ്ധരംഗങ്ങളിൽ പോലും നബി സംസാരിച്ചത് കാവ്യാത്മകമായാണ്. ഇസ്‌ലാമിന്റെ ശത്രുക്കളുടെ ശകാര കാവ്യങ്ങൾക്ക് മറുപടിയായി ഉത്തമ കവിതകൾ രചിക്കാൻ അദ്ദേഹം കഅ്ബുബ്നു മാലികിനോടും ഹസ്സാനുബ്നു സാബിതിനോടും ആവശ്യപ്പെടുകകൂടി ചെയ്തിരുന്നു. ഹസ്സാൻ അത് മനോഹരമായി, മുഴങ്ങുന്നസ്വരത്തിൽ ആലപിക്കും. ശത്രുക്കളുടെ നെഞ്ചിൽ കഠാരയേക്കാൾ മുറിവേൽപിച്ചത് ഈ കവിതകളാണ്. അതുകൊണ്ടാണല്ലോ നബി പറഞ്ഞത്, മുസ്‌ലിംകൾ വാളുകൾകൊണ്ട് മാത്രമല്ല വാക്കുകൾ കൊണ്ടു കൂടിയാണ് യുദ്ധം ചെയ്യുന്നത് എന്ന്. ●